**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3463** **15-02-2024 - ൽ മറുപടിയ്ക്ക്**

**സ്ത്രീകൾക്ക് സംരക്ഷണം നൽകാൻ ഇന്റേർണൽ കംപ്ലൈന്റ്സ് കമ്മിറ്റി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീമതി ഉമ തോമസ്,<br>ശ്രീമതി കെ. കെ. രമ,<br>ശ്രീ. സി. ആർ. മഹേഷ്,<br>ശ്രീ. ഐ. സി. ബാലകൃഷ്ണൻ** | | **ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി)** | |
| (എ) | തൊഴിലിടങ്ങളിൽ സ്ത്രീകൾക്കെതിരെയുള്ള ചൂഷണങ്ങൾ കൂടി വരുന്നു എന്ന ആക്ഷേപം ഗൗരവത്തോടെ കാണുന്നുണ്ടോ; | (എ) | ഉണ്ട്. |
| (ബി) | തൊഴിലിടങ്ങളിൽ സ്ത്രീകൾക്ക് സംരക്ഷണം നൽകാൻ ഇന്റേർണൽ കംപ്ലൈന്റ്സ് കമ്മിറ്റി എല്ലാ മേഖലയിലും നടപ്പിലാക്കിയിട്ടുണ്ടോ എന്ന് പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കാമോ; | (ബി) | പത്തോ അതിലധികമോ ജീവനക്കാരുള്ള സർക്കാരിതര സ്ഥാപനങ്ങളിൽ, 2013 ലെ തൊഴിലിടങ്ങളിൽ സ്ത്രീകൾക്ക് നേരെയുണ്ടാകുന്ന ലൈംഗിക അതിക്രമം (തടയലും, നിരോധിക്കലും, പരിഹാരവും) നിയമപ്രകാരം ഇന്റേണൽ കംപ്ലയന്റ്സ് കമ്മിറ്റി രൂപീകരിച്ചിട്ടുണ്ടോ എന്ന് അസിസ്റ്റന്റ് ലേബർ ഓഫീസർമാർ സ്ഥാപന പരിശോധനകളിൽ ഉറപ്പ് വരുത്തുന്നതും ആയത് പാലിക്കാത്ത സ്ഥാപനങ്ങൾക്ക് പരിശോധന കുറിപ്പ് നൽകാറുമുണ്ട്. സ്വകാര്യ സ്ഥാപനങ്ങളിൽ ഇത്തരത്തിൽ സ്ത്രീ ജീവനക്കാർ തന്നെ അദ്ധ്യക്ഷയായിട്ടുള്ള കമ്മിറ്റികൾ സജീവമാണ്. |
| (സി) | തൊഴിലിടങ്ങളിൽ സ്ത്രീകൾ മാനസിക പീഡനങ്ങൾക്ക് ഇരയാകുന്നത് തടയുന്നതിനു എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിരിക്കുന്നത് എന്ന് വ്യക്തമാക്കാമോ? | (സി) | തൊഴിലിടങ്ങളിൽ സ്ത്രീ തൊഴിലാളികൾക്കു മെച്ചപ്പെട്ട തൊഴിലന്തരീക്ഷം ലഭ്യമാകുന്നുണ്ടെന്നു സ്ഥാപന പരിശോധന വേളയിൽ തൊഴിൽ വകുപ്പ് ഉദ്യോഗസ്ഥർ ഉറപ്പ് വരുത്താറുണ്ട്. കൂടാതെ, തൊഴിലിടങ്ങളിൽ സ്ത്രീകൾ മാനസിക പീഡനങ്ങൾക്ക് ഇരയാകുന്ന സാഹചര്യങ്ങൾ ഒഴിവാക്കുന്നതിനായി ജീവനക്കാർക്ക് വനിതാ ശിശു വികസന വകുപ്പ് സംഘടിപ്പിക്കുന്ന ക്ലാസ്സുകളുടെ നടത്തിപ്പിലേക്ക് അസിസ്റ്റന്റ് ലേബർ ഓഫീസുകളിൽ നിന്നും കേരള ഷോപ്പ്സ് & കൊമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ്സ് ആക്ട് പ്രകാരം രജിസ്റ്റർ ചെയ്യപ്പെട്ട സ്ഥാപനങ്ങളുടെ ലിസ്റ്റ് നൽകുകയും തൊഴിൽ വകുപ്പ് ഉദ്യോഗസ്ഥർ പ്രസ്തുത ക്ലാസ്സുകളിൽ ഭാഗവാക്കാവുകയും ചെയ്യാറുണ്ട്. കൂടാതെ, സ്ത്രീ തൊഴിലാളികൾക്ക് തൊഴിലിടങ്ങളിലെ പരാതി അറിയിക്കുവാനും പരിഹരിക്കുവാനും തൊഴിൽ |

| | | | |
|---|---|---|---|
| | | | വകുപ്പിന്റെ സഹജ കോൾ സെന്റർ പ്രവർത്തിച്ചുവരുന്നുണ്ടെന്ന വിവരം വനിതാ തൊഴിലാളികളെ അസിസ്റ്റന്റ് ലേബർ ഓഫീസർമാർ മുഖേന അറിയിച്ചുവരുന്നുണ്ട്. കൂടാതെ ടോൾ ഫ്രീ നമ്പറുകൾ (155300/180042555214) പത്രങ്ങളിലും മറ്റു ദൃശ്യ മാധ്യമങ്ങളിൽ കൂടിയും തൊഴിലിടങ്ങളിൽ സ്റ്റിക്കറുകൾ പതിച്ചും പ്രചരിപ്പിക്കുന്നുമുണ്ട്.<br>തൊഴിലിടങ്ങളിൽ സ്ത്രീകൾക്ക് നേരെയുണ്ടാകുന്ന ലൈംഗികാക്രമണം തടയുന്നതിനും സ്ത്രീകൾ അഭിമാനത്തോടും അന്തഃസ്സോടും ലിംഗസമത്വത്തോടും കൂടി ജോലി ചെയ്യുന്നതിനും സഹായകമാകുന്ന പ്രധാനപ്പെട്ട ഒരു നിയമം ആണ് POSH ആക്ട് 2013. ആയത് പ്രകാരം പത്തോ അതിൽ കൂടുതലോ തൊഴിലാളികൾ ഉള്ള സർക്കാർ/ സർക്കാർ ഇതര സ്ഥാപനങ്ങൾ, അസംഘടിത തൊഴിൽ മേഖല എന്നിവിടങ്ങളിൽ ഇന്റേണൽ കമ്മിറ്റിയും പത്തിൽ കുറവ് ഉള്ള തൊഴിൽ സ്ഥലങ്ങളിൽ ജില്ലാതലത്തിൽ കളക്ടർ അധ്യക്ഷനായിട്ടുള്ള ലോക്കൽ കമ്മിറ്റിയും രൂപീകരിക്കേണ്ടതാണ്. ഇപ്രകാരം രൂപീകരിക്കപ്പെട്ട ഇന്റേണൽ/ലോക്കൽ കമ്മിറ്റിയിൽ, തങ്ങൾക്കെതിരെ ഉണ്ടാകുന്ന ലൈംഗിക അതിക്രമങ്ങൾക്കെതിരെ തൊഴിലിടങ്ങളിൽ ജോലി ചെയ്യുന്ന സ്ത്രീകൾക്ക് പരാതി നൽകാവുന്നതാണ്. അഥവാ തൊഴിലുടമയ്ക്കെതിരെയാണ് പരാതിയെങ്കിൽ ബന്ധപ്പെട്ട ജില്ലയിലെ ജില്ലാ കളക്ടർ അദ്ധ്യക്ഷനായിട്ടുള്ള ലോക്കൽ കമ്മിറ്റിയിൽ പരാതി നൽകി പരിഹാരം തേടാവുന്നതാണ്.<br>സ്ത്രീകൾക്കും കുട്ടികൾക്കുമെതിരായ അതിക്രമങ്ങളെ ചെറുക്കുന്നതിനും, ലിംഗ വിവേചനം അവസാനിപ്പിക്കുന്നതിനുമായി വനിതാ ശിശു വികസന വകുപ്പ് ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്ന ബോധവൽക്കര ക്യാമ്പയിൻ ആണ് "**കനൽ**" കർമ്മ പദ്ധതി. |

സെക്ഷൻ ഓഫീസർ